സ്വരൂപിക്കുന്നതാണ്. ഈ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുവാൻ കുഴൽ കിണറുകൾ കുഴിക്കുന്നതിന് ബഡ്ജറ്റിൽ ഒരു കോടി രൂപ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്.

സഹകരണ ക്രെഡിറ്റ് സ്ഥാപനങ്ങൾക്ക് പലിശനിരക്ക് കുറയ്ക്കുന്നതിന് ധനസഹായം

സഹകരണ ക്രെഡിറ്റ് സ്ഥാപനങ്ങൾ കൃഷിയാവശ്യങ്ങൾക്ക് കൊടുക്കുന്ന ഹ്രസ്വകാല വായ്പകളിൻമേൽ ഇപ്പോൾ ഈടാക്കുന്ന പലിശയിൽ മൂന്നു ശതമാനം കുറവ് അനുവദിക്കുന്നതാണ്. ഈ ഇളവ് മുടക്കം കൂടാതെ കൃത്യമായി കാലാവധിക്ക് വായ്പ തിരിച്ചടക്കുന്നവർക്ക് മാത്രമേ ലഭിക്കുകയുള്ളൂ. സഹകരണ ക്രെഡിറ്റ് സ്ഥാപനങ്ങൾക്ക് തൻമൂലമുണ്ടാകുന്ന നഷ്ടം ഗവൺമെൻറ് പരിഹരിക്കുന്നതാണ്. ഇതിനുവേണ്ടി ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

അഗതിമന്ദിരങ്ങൾക്ക് ധനസഹായം

അഗതി മന്ദിരങ്ങളിലെ അന്തേവാസികളുടെ എണ്ണമനുസരിച്ചാണ് അവയ്ക്ക് ഗ്രാൻറ് കൊടുത്തുകൊണ്ടിരിക്കുന്നത്. ഇപ്രകാരം ആളൊന്നുക്ക് കൊടുത്തുകൊണ്ടിരിക്കുന്ന പ്രതിമാസ ഗ്രാൻറ്, 30 രൂപയിൽ നിന്ന് 35 രൂപയായി വർദ്ധിപ്പിക്കുന്നതാണ്. ഇതുമൂലമുണ്ടാകുന്ന അധികച്ചെലവ് 30 ലക്ഷം രൂപയാണ്.

അഞ്ചു വയസ്സിനു താഴെയുള്ള നിർദ്ധനരായ കുട്ടികൾക്ക് ഒരു നേരത്തെ ആഹാരം

ഇക്കൊല്ലം അന്തർദ്ദേശീയ ശിശുവർഷമായി ആചരിക്കുകയാണല്ലോ. കുട്ടികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് പരിഗണന നൽകുന്ന കാര്യത്തിന് ഈ വർഷത്തിൽ പ്രത്യേക പ്രസക്തിയുണ്ട്. പ്രൈമറി സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്ന പരിപാടി ഇപ്പോൾതന്നെ നിലവിലുണ്ട്. അഞ്ചുവയസ്സിന് താഴെയുള്ള കുട്ടികൾക്കും, പോഷകാഹാരം നൽകുന്ന പരിപാടികൾ സാമൂഹ്യക്ഷേമവകുപ്പ്, ആരോഗ്യവകുപ്പ്, ഹരിജനക്ഷേമവകുപ്പ്, സാമൂഹ്യവികസനവകുപ്പ് എന്നിവ നടത്തി വരുന്നുണ്ട്. ഇതെല്ലാമായിട്ടും ഒരു നേരത്തെ ആഹാരമെങ്കിലും ശരിക്കും ലഭിക്കാത്ത കുട്ടികൾ ഇന്നാട്ടിലുണ്ട്. അഞ്ചുവയസ്സിനു താഴെയുള്ള എല്ലാ ശിശുക്കൾക്കും ഒരു നേരത്തെ ആഹാരമെങ്കിലും മുടങ്ങാതെ ലഭിക്കുന്നുണ്ടെന്നു ഉറപ്പു വരുത്തേണ്ടതേ സമൂഹത്തിൻറെ പ്രാഥമികമായ കടമയായി കരുതേണ്ടതാണ്. വിവിധ വകുപ്പുകൾ ഇപ്പോൾ ഈ രംഗത്ത് ചെയ്തുവരുന്ന കാര്യങ്ങൾ ഏകോപിപ്പിച്ച് നേരത്തെ സൂചിപ്പിച്ച വിധത്തിൽ ദിവസം ഒരുനേരത്തെ ആഹാര

LIBRARY ARCHIVES Kerala Legislative Assembly

ത്തിനുപോലും വകയില്ലാത്ത കുട്ടികൾക്ക് ഒരു നേരത്തെയെങ്കിലും ആഹാരം ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ടുള്ള ഒരു പദ്ധതി ആസൂത്രണംചെയ്ത് നടപ്പിലാക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നു. അടുത്തവർഷം കുറഞ്ഞത് രണ്ടു കോടി രൂപയെങ്കിലും ഇതിന് ചെലവു വരുമെന്നു കണക്കാക്കുന്നു.

മേൽപ്പറഞ്ഞ ക്ഷേമപ്രവർത്തനങ്ങൾക്കും മറ്റു പരിപാടികൾക്കും വേണ്ട അധികച്ചെലവ് ഏതാണ്ട് 9 കോടി രൂപയാണ്. ഇതിൽ 3 കോടി രൂപ ബഡ്ജറ്റ് അടങ്കലുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ശേഷിക്കുന്ന അധികച്ചെലവ് 6 കോടി രൂപയാണ്. ഈ അധികച്ചെലവുകൂടി കണക്കാക്കിയാൽ വർഷാവസാന കമ്മി 12.50 കോടി രൂപയായിരിക്കും.

അടുത്ത വർഷത്തെ സംസ്ഥാന പദ്ധതിയടങ്കൽ 170 കോടി രൂപയായി പ്ലാനിംഗ് കമ്മീഷൻ നിശ്ചയിച്ചപ്പോൾ അതിനു വേണ്ട അധിക വിഭവസമാഹരണം നടത്താമെന്ന് സംസ്ഥാന ഗവൺമെൻറ് സമ്മതിച്ചിരുന്നു. ഈ വസ്തുത പരിഗണിച്ചും ബഡ്ജറ്റിൽ ഉള്ള കമ്മി നികത്തേണ്ടതുള്ളതുകൊണ്ടും ഈ വർഷം ചുമത്തിയ വിൽപ്പന നികുതിയിൻമേലുള്ള 10 ശതമാനം അധിക നികുതി തുടരുന്നതാണ്. അബ്കാരി ഷാപ്പുകളുടെ ലേലത്തുകയിൽ ഇക്കൊല്ലം സാരമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മറ്റു വരവിനങ്ങളിലും വർദ്ധനവിന് സാദ്ധ്യതയുണ്ട്. ഏറ്റവും ചുരുങ്ങിയത് 5 കോടി രൂപകൂടി ഈ വിധത്തിലുള്ള കൂടുതൽ വരവ് പ്രതീക്ഷിക്കുന്നുണ്ട്. സഭയിലവതരിപ്പിച്ച ബഡ്ജറ്റ് പ്രകാരം ഈ വർഷാവസാനത്തെ നീക്കിയിരുപ്പ് നാലു കോടി രൂപയായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ ഇപ്പോഴത്തെ വേയ്സ് ആൻറ് മീൻസ് നിലയുടെ അടിസ്ഥാനത്തിൽ വർഷാവസാന നീക്കിയിരുപ്പ് കുറഞ്ഞത് 10 കോടി രൂപയെങ്കിലും ഉണ്ടായിരിക്കുമെന്നാണ് കരുതുന്നത്. ഈ ഇനങ്ങൾകൂടി കണക്കിലെടുത്താൽ അടുത്ത വർഷത്തെ ബഡ്ജറ്റ് അടങ്കലുകളിലെ കമ്മിക്കു പകരം 10 കോടി രൂപയുടെ മിച്ചം ഉണ്ടാവുന്നതാണ്. പ്ലാനിംഗ് കമ്മീഷൻറെ വർക്കിംഗ് ഗ്രൂപ്പുകൾ അടുത്ത വർഷത്തേക്ക് ശുപാർശ ചെയ്ത പദ്ധതി അടങ്കൽ 233 കോടി രൂപയായിരുന്നു. അന്നത്തെ ചുറ്റുപാടിൽ വിഭവ ശേഷിയുടെ അപര്യാപ്തതമൂലമാണ് പദ്ധതി തുക 170 കോടി രൂപയായി കുറയ്ക്കേണ്ടിവന്നത്. അതുകൊണ്ട് വിഭവ ലഭ്യതയ്ക്കനുസരണമായി കഴിയുന്നതും 233 കോടി രൂപയുടെ പദ്ധതി തന്നെ അടുത്ത വർഷം നടപ്പാക്കണമെന്നതാണ് ഗവൺമെൻറിൻറെ ആഗ്രഹം. അനാവശ്യ ചെലവുകൾ കർശനമായി ഒഴിവാക്കിക്കൊണ്ടിരിക്കുന്നതുകൊണ്ടും, വരവിനങ്ങൾ വർദ്ധിപ്പിക്കുവാനുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കുന്നതിനാലും വർഷാവസാനത്തെ മിച്ചം പത്തുകോടി രൂപയിലും അധികമാവാൻ സാദ്ധ്യതയുണ്ട്. മിച്ചം എത്രയെന്ന് വ്യക്തമായി അറിഞ്ഞതിനുശേഷം ഇപ്പോൾ തയ്യാറാക്കിയ വാർഷിക പദ്ധതി തുക വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സർ,

വികസനച്ചെലവുകൾക്കുവേണ്ടി 265 കോടി രൂപ വകയിരുത്തുകയും, പുതിയ നികുതികളോ ഇന്നു നിലവിലുള്ള നികുതി നിരക്കുകളിൽ വർദ്ധനവോ ഏർപ്പെടുത്താതെ തന്നെ ഈ വികസന ചെലവിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ട പണം മുഴുവൻ സമാഹരിക്കുകയും, കമ്മി പൂർണ്ണമായി ഒഴിവാക്കി മിച്ചം ഉണ്ടാക്കുകയും വികസന പരിപാടികളിലുള്ള മുതൽമുടക്ക് ഇനിയും വർദ്ധിപ്പിക്കുവാനുള്ള വ്യക്തമായ സാദ്ധ്യത കണ്ടെത്തുകയും ചെയ്തിട്ടുള്ള ഈ ബഡ്ജറ് സഭയിൽ അവതരിപ്പിക്കുവാൻ എനിക്ക് വളരെ സന്തോഷമുണ്ട്. ഈ ബഡ്ജറിന് സഭയുടെ എല്ലാ ഭാഗത്തുനിന്നുമുള്ള അംഗീകാരം ഞാൻ അഭ്യർത്ഥിക്കുന്നു.

മാർച്ച് 31–ാം തീയതിക്കുമുമ്പ് വിശദമായ ചർച്ചകൾക്ക് അവസരം ലഭിക്കാത്ത സാഹചര്യത്തിൽ നാലുമാസക്കാലത്തെ ചെലവിനായി വോട്ട് ഓൺ അക്കൗണ്ടും ധനാഭ്യർത്ഥനയും ഞാൻ അവതരിപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly